(ബി) പ്രസ്തുത ആഡിറ്റിംഗ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ മണൽക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ജി.ഒ.(എം. എസ്.) 338/12/റവ. തീയതി 12-9-2012 പ്രകാരം സംസ്ഥാനത്തെ 20 നദികളിലെ മണൽ ആഡിറ്റിംഗ് നടത്തുന്നതിനായി 20 ഏജൻസികളെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 14 നദികളുടെ മണൽ ആഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്.

(ബി) 11 നദികളുടെ ആഡിറ്റിംഗ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ സർക്കാർ വിശദമായി പരിശോധിച്ച് മണൽ ലഭ്യമായ നദികളിൽ മണൽ ഖനനം അനുവദിച്ചുകൊണ്ടും ലഭ്യമല്ലാത്തവയിൽ മണൽ ഖനനം നിരോധിച്ചുകൊണ്ടും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 15-11-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 13/2014/ പരിസ്ഥിതി ഉത്തരവു പ്രകാരം വ്യക്തിഗത ഗൃഹനിർമ്മാണത്തിനുള്ള മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി മണൽ ആഡിറ്റിംഗ് പൂർത്തിയായിട്ടുള്ള നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിന് പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മണൽ ആഡിറ്റിംഗ് പൂർത്തിയായിട്ടില്ലാത്ത നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിന് താൽക്കാലിക അനുമതി നൽകിയും വീട് നിർമ്മാണത്തിനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിന്റെ അതിർത്തിയിലൂടെ മണൽ കൊണ്ടുവരുന്നത് സുഗമമാക്കാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അനധികൃത മണൽ കടത്ത് കണ്ട് കെട്ടുന്ന മണൽ പൊതുമരാമത്ത് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നിർമ്മിതികേന്ദ്രയുടെ കലവറ വഴി വിതരണം ചെയ്യുന്നുണ്ട്.

അദ്ധ്യാപക പാക്കേജ്

30 (*420) ശ്രീ. കെ. സുരേഷ് കറുപ്പ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബി സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അദ്ധ്യാപക പാക്കേജ് ഏത് രൂപത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച് സ്കൂൾ മാനേജർമാരും അദ്ധ്യാപകരുമായി ചർച്ച നടത്തുകയുണ്ടായോ; വിശദാംശം ലഭ്യമാക്കാമോ; സർക്കാർ അംഗീകരിച്ച മാനേജ് മെന്റുകളുടെ ആവശ്യങ്ങൾ ഏതെല്ലാം;

(ഡി) ഫിക്സേഷന്റെ ഫലമായി പുറത്താകുന്ന അദ്ധ്യാപകരുടെ എണ്ണമെത്രയാണ് ; ഇവരെ എങ്ങനെ സംരക്ഷിക്കാമെന്നാണ് കരുതുന്നത് ;

(ഇ) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടുണ്ടോ; പാക്കേജ് നടപ്പാക്കാനുള്ള നടപടി വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) 1-10-2011-ലെ ജി.ഒ.(പി) 199/11/പൊവിവ പ്രകാരം അംഗീകരിച്ച അദ്ധ്യാപക പാക്കേജ് 15-1-2015-ലെ WP(C)30107/13 നമ്പർ മുതലായ കേസുകളിലെ വിധിന്യായത്തിലൂടെ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദുചെയ്തിട്ടുണ്ട്. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ പരിഗണിച്ച് ഇടക്കാല സ്റ്റേ അനുവദിച്ചിട്ടുണ്ട്. കെ.ഇ.ആർ.. ചട്ടങ്ങൾക്കു വിധേയമായല്ലാതെ ഒരുത്തരവും നടപ്പാക്കുവാൻ പാടില്ല എന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തസ്തിക നിർണ്ണയം, സംരക്ഷണം എന്നിവ സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നകാര്യം സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) 1-10-2011-ലെ ജി.ഒ.(പി) 199/11/പൊവിവ പ്രകാരമുള്ള അദ്ധ്യാപക പാക്കേജ് പിൻവലിക്കാനും 2015-16 മുതൽ തസ്തികനിർണ്ണയം 1:45-ൽ നടത്തുവാനും അധികമാകുന്ന റഗുലർ അദ്ധ്യാപകർക്കും അദ്ധ്യാപക ബാങ്കിലുൾപ്പെട്ടവർക്കും സംരക്ഷണം നൽകുവാനുമാണ് ഉദ്ദേശിക്കുന്നത്.

(സി) മാനേജ്മെന്റുകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. 2015 മുതൽ 1:30/1:35 അനുപാതത്തിൽ ഡിവിഷനുകൾ അനുവദിക്കണമെന്ന ആവശ്യമാണ് പൊതുവിൽ ഉന്നയിക്കപ്പെട്ടത്. എന്നാൽ കെ.ഇ.ആർ. പ്രകാരമല്ലാതെ ഒരുത്തരവും

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കരുതെന്ന കോടതിവിധി കണക്കിലെടുത്തും വിദ്യാഭ്യാസ അവകാശ നിമയത്തിൽ പരാമർശിക്കുന്നത് സ്കൂൾ തലത്തിലുള്ള 1:30/1:35 അനുപാതമാണ് എന്നതിനാലും ടി അനുപാതം ക്ലാസ് തലത്തിൽ നടപ്പിലാക്കിയാലുള്ള വൻ സാമ്പത്തിക ബാധ്യത കണക്കിലെടുത്തും കെ.ഇ.ആർ. പ്രകാരമുള്ള 1:45 അനുപാതം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ 2011-12 മുതൽ 2014-15 വരെ നിയമിക്കപ്പെട്ട റഗുലർ അദ്ധ്യാപകരെ 1:30/1:35 അനുപാതത്തിന്റെ ആനുകൂല്യം നൽകി അംഗീകരിക്കാനും സംരക്ഷണം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഫിക്സേഷനുശേഷം മാത്രമേ പുറത്താകുന്നവരുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്താനാവുകയുള്ളൂ. 2014-15 വരെ നിയമിക്കപ്പെട്ട റഗുലർ അദ്ധ്യാപകരെയെല്ലാം സംരക്ഷിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) 2015-16 മുതൽ 1:45 അനുപാതം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2011-12 മുതൽ 2014-15 വരെ നിയമിക്കപ്പെട്ട റഗുലർ അദ്ധ്യാപകരെ 1:30/1:35 അനുപാതത്തിൽ അംഗീകരിച്ച് സംരക്ഷണം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. അദ്ധ്യാപകപാക്കേജ് പിൻവലിച്ചുകൊണ്ടും തസ്തികനിർണ്ണയവും സംരക്ഷണവുമുൾപ്പെടുന്ന പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള ഭരണനടപടി ദ്രുതഗതിയിൽ നടന്നുവരുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഹയർ സെക്കണ്ടറി വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന സർവ്വകലാശാലാ ജീവനക്കാർ

1 (3716) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ ഓപ്ഷൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന സർവ്വകലാശാലാ ജീവനക്കാർ, OP (KAT) 162, 165 നമ്പരുകളായി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന അപ്പീൽ പെറ്റീഷനുകളിന്മേലുള്ള കോടതി വിധി എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോടതിവിധിയുടെ അടിസ്ഥാനത്തിൽ 30-5-2015-ൽ വിടുതൽ ചെയ്യപ്പെട്ട സർവ്വകലാശാലാ ജീവനക്കാരെ ഹയർ സെക്കണ്ടറി വകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly